മൊറാർജിഗ്രൂപ്പിനു് ഇതിൻെറപിന്നിൽ മറെറാരുദ്ദേശമുണ്ടു്. നെഹറുവിനശേഷം പ്രധാനമന്ത്രിയാകാൻ കുപ്പായുനടന്നിരുന്നയാളാണു് ദേശായി. പക്ഷേ അദ്ദേഹത്തെ ആദ്യത്തെ കടിയിറക്കോടെ രംഗത്തു് തലപൊക്കാൻ അനുവദിച്ചില്ല. നെഹറുവിൻെറ മരണശേഷം താല്പാലിക പ്രധാനമന്ത്രിയായിരുന്ന നന്ദ ശാസ്ത്രിക്കു് ശേഷം ഇന്ത്യൻ പ്രധാനമന്ത്രിപദംസപ്നംകാണുന്നുണ്ടു്. അതിനു് താൻപ്രായാണെന്നവതിരുത്താൻ ചില 'ആറാമിക പ്രസ്താവനകൾ' ആയിടെ ഇറക്കിയതും ആരും മറന്നുപോകില്ല. അടുത്ത 1967 കൊല്ലത്തിനുള്ളിൽ അഴിമതി തുടച്ചുമാറ്റുമെന്നു് നന്ദ പ്രസ്താവിച്ചതു് ഗുരുതുല്യവിശ്വാസത്തോടെയല്ലെങ്കിലും നാട്ടെല്ലുള്ള ഒരു നേതാവാണു് താനെന്നു ജനങ്ങളെക്കൊണ്ടു് പറയിക്കാൻവേണ്ടിയായിരുന്നു. രാജ്യരക്ഷയുടെ പേരിലുള്ള അറസ്റ്റു്, പ്രസിദ്ധനു് രണം ഏർപ്പെടുത്തൽ എന്നിവനാടപടികൾക്കു് താൻ മുൻകയ്യെടുത്തതു് കോൺ. പാർട്ടിയിലങ്കിലും തൻെറ നേട്ടമുണ്ടാക്കുകയായിരുന്നു എന്നതും നിഷേധിക്കാവുന്നതല്ല. അതിനു് ശേഷമുണ്ടായ പ്രത്യാഘാതങ്ങൾ എന്തൊക്കെയായാലും ധീരനായ നേതാവാണു് താനെന്നു് നാലാളെക്കൊണ്ടു് പറയിച്ചു് അടുത്തപ്രധാനമന്ത്രി പദം കീശയിലാക്കാൻ നന്ദ ഇപ്പഴേ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. പോരെങ്കിൽ രണ്ടു മൂന്നു കൊല്ലത്തെ സർവ്വീസ് ആകാരിംഗ് പ്രധാനമന്ത്രിയെന്ന നിലയിൽ തനിക്കുള്ളതും അതിനൊത്ത കാപ്പിറ്റലിഫിക്കേഷനാകമെന്നു് നന്ദബലമായി വിശ്വസിക്കുന്നു.

നിശബ്ദവിപ്ലവം

ഈ തന്ത്രങ്ങളെല്ലാം അതിൻെറ മുഖവിലയ്ക്കു് മൊറാർജി ഗ്രൂപ്പും മനസ്സിലാക്കുന്നുണ്ടു്. കഴിഞ്ഞപ്രാവശ്യം തന്നെ പാർട്ടിയിൽ ഒരു 'സാധുവിപ്ലവം' കൂടാതെ മൊറാർജി പത്തി താഴ്ത്തിയതുവരെ കാരണോക്കാം എന്ന സമാധാനിച്ചുകൊണ്ടു മാത്രമാണു്. വരും കരിയും നന്ദ 'വളന്നാൽ' തട്ടിപ്പോയെന്നു വരുമെന്നു് മൊറാർജി ഇപ്പോഴും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അതിൻെറ അടിസ്ഥാനത്തിലാണു് കേന്ദ്രത്തിൽ ശാസ്ത്രി–നന്ദ പ്രതികരംക്കെതിരെസംരക്ഷിക്കുന്ന അമർഷം വളത്തി നന്ദയെ വിലയിടിക്കാൻ മൊറാർജി ഗ്രൂപ്പ് നിശബ്ദവിപ്ലവം നടത്തുന്നുണ്ടെന്നു് സൂചിപ്പിക്കപ്പെടുന്നതു്. എന്നാൽ ഈനിശബ്ദവിപ്ലവംപരമരഹസ്യമാണു് താനും

മൊറാർജി ഗുജറാത്തിലേയ്ക്കു്

പാർലമെൻറിലെതൻെറ 'ഹിസ്മാസ്റ്റേഴ്സ്വോയ്സ്'കാരെ എല്ലാം വേണ്ടവിധം ശരിപ്പെടുത്തിയതിനു ശേഷം മൊറാർജി ഗുജറാത്തിലേയ്ക്കു് തിരിഞ്ഞിരിക്കയാണിപ്പോൾ. വരുന്ന തെരഞ്ഞെടുപ്പിനുള്ള (67ലേതു്) എല്ലാവിധ ബാക്ക്ഗ്രൗണ്ടുകളും ദേശായി ഇപ്പോൾതന്നെ അവിടെ ആരംഭിച്ചിരിക്കുന്നു.

67 ലെ തെരഞ്ഞെടുപ്പിൽ സ്വതന്ത്ര ഗുജറാത്തു് കീഴടക്കുമെന്ന ഒരു പ്രഖ്യാപനം മൊറാർജിയുടെ കാതിലുണ്ടു്. അതിനെ നേരിടാനാണു് താൻ ഇപ്പോഴേ രംഗത്തു് കാലൂന്നുന്നതെന്നാണു് മൊറാർജിയുടെനീല. വിജയപ്രഖ്യാപനം നടത്തിയ സ്വതന്ത്രയെ തകത്താൽ അതിനുള്ള ക്രെഡിറ്റും തനിക്കാണല്ലോ എന്നും മൊറാർജി എണ്ണി തിട്ടപ്പെടുത്തിയിട്ടുണ്ടു്.

നന്ദയെ തുരത്തുന്നു

ഗുജറാത്തു് സ്റ്റോറിലെ സബ്ബുകളെ നിയോജകമണ്ഡലത്തിൽനിന്നാണു് ഗുൽസാരിലാൽ നന്ദ കഴിഞ്ഞതവണ വിജയിയായതു്. ഇപ്രാവശ്യം ആ സീറ്റ് ഒരു സംവരണമണ്ഡലമാക്കാനാണു് ദേശായിയുടെ ഇപ്പോഴത്തെ ശ്രമം. അതു് എറെക്കറെ വിജയിച്ചമട്ടാണു്. പിന്നെ നന്ദ എങ്ങോട്ട മാറിയാലും സ്വതന്ത്രയായി പില രഹസ്യധാരണകളും സൃഷ്ടിച്ചു അദ്ദേഹത്തെ പൊട്ടിക്കാനും ദേശായി ശ്രമിച്ചേക്കും. അങ്ങിനെ നന്ദയെ കടിയിറങ്ങലിൻെറ രുചി അറിയിക്കാൻ തന്നെയാണു് ദേശായിയുടെ പ്ലാൻ.

ഷാ ഗുജറാത്തിലേയ്ക്കു്

തൻെറ ലഫ്റ്റ്നൻറായ ശാന്തിലാൽ ഷായെ മഹാരാഷ്ട്രയിൽനിന്നു് ഗുജറാത്തിലേയ്ക്കു എഴുന്നള്ളിച്ചകൊണ്ടു്വരാൻ ദേശായി പ്ലാനകം തയ്യാറാക്കിയിട്ടുണ്ടു്. സ്വന്തം സീറ്റിനു് ഭീഷണിയുണ്ടു്. താമസിയാതെ ഷാ ഗുജറാത്തിൽ എത്തി പ്രവർത്തനങ്ങൾ ആരംഭിക്കും. ഗുജറാത്തു് മന്ത്രിസഭയിൽ തീരെ അപ്രധാനമല്ലാത്ത ഒരു പദവി പ്രതിഫലം നൽകാമെന്നാണു് ദേശായിയുടെ ഓഫർ.

മഹാരാഷ്ട്രയിൽ ലീക് ചെയ്യുന്നു

ഈ തന്ത്രങ്ങൾ കൊയെല്ലാം മഹാരാഷ്ട്രയിൽ ലീക് ചെയ്തതായും പറയപ്പെടുന്നു. നന്ദയെ മഹാരാഷ്ട്രയിൽ നിന്നു് മത്സരിപ്പിക്കണമെന്നു് മഹാരാഷ്ട്രയിലെ കോൺ; നേതാക്കന്മാർ തീർത്തുമാനിച്ചിട്ടുള്ളതായും അറിവായിട്ടുണ്ടു്. ഗുജറാത്തിൽ ഏതു മണ്ഡലത്തിൽ നിന്നാലും നന്ദയെ ദേശായി ഗ്രൂപ്പു തോല്പിക്കുമെന്നാണു് അവരുടെ ഭയം. അതിൻെറ അടിസ്ഥാനത്തിൽ മഹാരാഷ്ട്രയിലെ യോത്മാൽ, ഭണ്ഡാര, നാസിക് എന്നീ ഏതെങ്കിലും മണ്ഡലത്തിൽ നന്ദയെ നിത്തി മത്സരിപ്പിക്കാനുള്ള ചട്ടം കെട്ടകം മഹാരാഷ്ട്ര മുഖ്യമന്ത്രി വി. പി നായിക് എടുത്തുവരുന്നതായും അറിവായിട്ടുണ്ടു്.

ഇതൊന്നും മുഴുവൻ അറിഞ്ഞിട്ടില്ലെങ്കിലും കേന്ദ്രത്തിലെ മൊറാർജിയുടെ നിശബ്ദത എല്ലാവരും ഇന്നു് വളരെ സംശയത്തോടെയാണു് വീക്ഷിക്കുന്നതു്. ഏതു ഞൊഞ്ഞൂളും കേന്ദ്രത്തെ വിമർശിക്കുന്ന ഈ "കാളരാത്രി"കളിൽ എന്തേ ദേശായി മിണ്ടാത്തതു് എന്നാണു് എല്ലാവരും ചിന്തിക്കുന്നതു്.

—o—

യാത്രയയപ്പുകം

(സ്വ. ലേ) മട്ടാഞ്ചേരി, ഏപ്രിൽ 4

അഞ്ചാമത്തെ വയസ്സിൽ കട്ടിയെ വിദ്യാലയത്തിൽ ചേത്തൽ പിന്നീടു് അവൻെറ വിദ്യാഭ്യാസത്തെ കരിച്ചു് യാതൊരു താല്പര്യവും കാണിക്കാത്ത രക്ഷകൃത്താക്കളെ ചൂള്ളിക്കൽ സെൻറ് ജോസഫ്സ് യു. പി. സ്കൂളിൻേറയും, സാഹിത്യസമാജത്തിൻറെ വാഷികങ്ങളോടനബന്ധിച്ചു് പ്രസ്തുത സ്കൂളിലെ ഒരദ്ധ്യാപകനായിരുന്ന പി. എ. തോമസ് മാസ്റ്റുക്കു നല്ലായ യാത്രയയപ്പു് സ്വീകരണയോഗത്തിൽവെച്ചു് റിട്ടയേർഡ് ഡിവിഷനൽ എഡ്യൂക്കേഷണൽ ആഫീസർ ശ്രീ. മുഹമ്മദാലി കററപ്പെട്ടത്തിയിരിക്കുന്നു.

വിദ്യാത്ഥികളുടെ സ്വഭാവസംസ്കരണത്തിൽ മാതാപിതാക്കളേക്കാളുള്ള ഉത്തരവാദിത്വത്തെ അദ്ദേഹം ഊന്നിപ്പറഞ്ഞു. 40 കൊല്ലത്തെ സേവന പാരമ്പര്യമുള്ള ശ്രീ. തോമസ് മാസ്റ്റുക്കു് അദ്ദേഹത്തോടുള്ള സ്നേഹസൂചകമായി ഒരു പണകിഴി മാനേജർ ഫാദർ മാത്യു കോതകത്തു് നല്കുകയുണ്ടായി.

എറണാകുളം ഡി. ഇ. ഒ. ശ്രീ. പി. എം. ജോജ്ജു് യോഗം ഉൽഘാടനം ചെയ്തു. റവ: ഫാദർ മാത്യു കോതകത്തു് സ്വാഗതം ആശംസിച്ചു. എൻ. എ. ജോബു് റിപ്പോർട്ടു് വായിച്ചു. കട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

കല്ലോറകര— സ്ഥലം ഇൻഫൻറ് ജീസസ് ലോവർ പ്രൈമറി സ്കൂളിൽ 40 വഷത്തോളം ഒരദ്ധ്യാപകനായി ജോലി ചെയ്തതിനശേഷം സർവ്വീസിൽ നിന്നും കഴിഞ്ഞ മാർച്ചു് 31–ാംനു പെൻഷൻപറ്റി പിരിഞ്ഞുപോയ സി. രാമമേനോനു് സ്കൂളും സ്റ്റാഫിൻെറ വകയായി ഗംഭീരമായ ഒരു യാത്രയയപ്പു് നല്കിയിരിക്കുന്നു. അതു സംബന്ധിച്ചു് സ്കൂളും അങ്കണത്തിൽ കൂടിയ യോഗത്തിൽ സ്കൂളും മാനേജർ റവ: ഫാ: ജോസു് അക്കരക്കാൻ അദ്ധ്യക്ഷത വഹിച്ചു. സ്കൂളും ഹെഡ്മാസ്റ്റർ ശ്രീ. കെ. കെ. ദേവസ്സി, ടി സ്കൂളിലെ ഒരു മുൻ അദ്ധ്യാപകനായിരുന്ന ശ്രീ. എ, കെ. ജോൺ മുതലായവർ ശ്രീ. രാമൻമേനോൻെറ പ്രശസ്ത സേവനങ്ങളെക്കുറിച്ചു് പ്രസംഗിച്ചു. യോഗത്തിൽവെച്ച സ്റ്റാഫിൻെറ വകയായും മാനേജരുടെ വകയായും പ്രത്യേക പാരിതോഷികങ്ങളും രാമമേനോനു് നല്കുകയുണ്ടായി.

നാട്ടുകാരുടേയും പൂർവ്വവിദ്യാത്ഥികളുടേയും വകയായി ഒരു യാത്രയയപ്പു് രാമൻമേനോനു് ഏപ്രിൽ 18–ാംനു നല്കുന്നതായിരിക്കും.

ആലുവാ, ഏ. 5–തൃമൂർക്കു് സ്ഥലംമാറിപ്പോകുന്ന സെൻട്രൽ ബാങ്കു് ഓഫ് ഇന്ത്യാ ആലുവാ ബ്രാഞ്ചു് മാനേജർ ശ്രീ എ. വെങ്കിടാചലത്തിനു് ബാങ്കു് സ്റ്റാഫിൻെറ വകയായി സ്ഥലം വുഡ്ലാൻറ്സ് കാഡിറേറാറിയത്തിൽവെച്ചു് ഏട്യമായ ഒരു യാത്രയയപ്പു് സൽക്കാരം നടത്തിയിരിക്കുന്നു.

ശ്രീ. വെങ്കിടാചലം കഴിഞ്ഞ രണ്ടരവത്സരക്കാലം ഇവിടെ ചെയ്തിട്ടുള്ള സേവനങ്ങളെ പ്രകീത്തിച്ചുകൊണ്ടും അദ്ദേഹത്തിൽ ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും ഫെഡറൽ ബാങ്കു് മാനേജിംഗ് ഡയറക്ടർ കെ. പി. ഹോർമീസ്, സെൻട്രൽ ബാങ്കിലെ ഒരു സ്റ്റാഫംഗമായ ശ്രീ. കെ. വി. അനന്തപ്പൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. വെങ്കിടാചലം സുമതിയമ്മയി മകപടി പരഞ്ഞു. യാത്രയയപ്പു് സല്ക്കാരത്തിൽ സ്ഥലത്തെ ബാങ്കർമാർ, വ്യവസായികം ഉദ്യോഗസ്ഥർ തുടങ്ങിയ ഒട്ടുവളരെ പ്രശസ്താതിഥികം പങ്കെടുത്തു.

മാരം ഏപ്രിൽ 3

മാരം സെൻറ് ഫ്രാൻസീസ് ഹൈസ്കൂളും ഹെഡ്മാസ്റ്റർ വെ. ഫാദർ ജോസഫ് തോട്ടാൻ മാച്ചു് 31–ാം തിയതി ജോലിയിൽനിന്നും റിട്ടയർ ചെയ്യുകയും അടുത്ത സീനിയർ അദ്ധ്യാപകനായ മി. കെ. സി. സൈമൺ ബി. എ. ബി. ടി. പുതിയ ഹെഡ്മാസ്റ്റായിചാജ്ജു് ഏറെറടുക്കുകയും ചെയ്തിരിക്കുന്നു. തോട്ടാനച്ചൻ ജോലിയിൽനിന്നു പിരിയുന്നതു് സംബന്ധിച്ച ഒരു യാത്രയയപ്പുയോഗം താത്തപ്പെട്ട തൃമൂർ ബി. ടി. കോളേജ് പ്രിൻസിപ്പാലും വി. രാമനാഥൻ എം. എ. യോഗത്തിൽ അധ്യക്ഷം വഹിച്ചു. യോഗത്തിൽ പ്രൊഫ. ടി. ഒ. മാത്യു (സെൻറ് തോമസ് കോളേജ്) പ്രസംഗിച്ചു. പുതിയ ഹെഡ്മാസ്റ്റർസ മോളനാഥിതികളെ സ്വാഗതം ചെയ്തു.

(സ്വ. ലേ) കറമണ്ണു് ഏപ്രിൽ 2

കഴിഞ്ഞ അഞ്ചുവർഷക്കാലം എലിവിപള്ളി വികാരിയായും സ്കൂളും മാനേജരായും, സേവനമനുഷ്ഠിച്ചശേഷം സ്ഥലം മാറിപ്പോയ റവ. ഫ. സിറിയക്കുകാട്ടിനയ്ക്കു് ഇടവകക്കാരുടേയും വിവിധ ഭക്തസംഘടനകളുടേയും വകയായി ഗംഭീരമായൊരു യാത്രയയപ്പു നൽകുകയുണ്ടായി സ്കൂൾഹാളിൽ ചേന്ന യാത്രയയപ്പുയോഗത്തിൽ കെ. ജെ. മത്തായി ബി എ. ബി. എഡ്. അദ്ധ്യക്ഷത്വവഹിച്ചു. എം റവി. മൈക്കാം എം., ജെ. മാത്യു, ജോസഫ് കുന്താനം എന്നിവർ അദ്ദേഹത്തിൻെറ സേവനങ്ങളെ പ്രശംസിച്ചുകൊണ്ടു് സംസാരിച്ചു. ഫാ. കാനാട്ടു് സുചിന്തമായ മറുപടിയും പറഞ്ഞു. മനോഹരമായ രണ്ടു് കല്ലുകളും രണ്ടുനിലയിൽ ഒരു സ്കൂംകെട്ടിടവും അദ്ദേഹത്തിൻെറ കാലത്തു പണിതീത്ത ഇടവകക്കാരുടെ വകയായി വിവിധ സമ്മാനങ്ങളും നൽകുകയുണ്ടായി.

—

അബ്രഹാം ലിങ്കൺ സ്മാരക സ്റ്റാമ്പു് ഏപ്രിൽ 15–നു് പുറപ്പെടുവിക്കുന്നു

ന്യൂഡൽഹി, ഏപ്രിൽ 5

അബ്രഹാം ലിങ്കൻെറ ചരമശതവാർഷികം പ്രമണിച്ചു് കമ്പിതപാൽ വകുപ്പു് 15 പൈസയുടെ ഒരു പ്രത്യേക സ്റ്റാമ്പു് ഏപ്രിൽ 15–നു പുറപ്പെടുവിക്കുന്നതാണു്. അബ്രഹാം ലിങ്കൻെറ ചിത്രമുള്ള ഈ സ്റ്റാമ്പ് 30 ലക്ഷം എണ്ണം അടിച്ചിട്ടുണ്ടു്. രാജ്യത്തെ 18 ഫിലാറാലിക് ബ്യൂറോകളിൽ പ്രഥമദിനറദ്ദാക്കൽ ഏപ്പാടുകളും ഉണ്ടായിരിക്കും. പ്രഥമദിനകവറുകളും പബ്ലിസിറിറി ഫോൾഡറുകളും പ്രധാന തപാലാഫീസുകളിലും ഫിലാറാഫിക് ബ്യൂറോകളിലുംനിന്നു കിട്ടുന്നതാണു്.

....·....

ചേർപ്പു് ബ്ലോക്കിലെ വികസന പ്രവത്തനങ്ങൾ

ചേർപ്പു്, ഏ 3

കഴിഞ്ഞ മേയ് 1–ാംനു–മുതൽ കന്നാംസ്റ്റേജായി തീന്ന ചേർപ്പു് വികസന ബ്ലോക്കിൽ മാച്ചു് അവസാനം വരെയായി കാഷികവികസന പ്രവത്തനങ്ങൾക്കവേണ്ടി കൃഷിവകുപ്പിൽ നിന്നും 40,930 രൂപാ വിലവരിക്കുകയുണ്ടായെന്നു് ബ്ലോക്കു് ഡവലപ്പ്മെൻറ് ആഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. ബ്ലോക്കിൽനിന്നു് 24,600 രൂപാ ഏ സ്വകാല വായ്പയായി വിതരണം ചെയ്യുകയും നെല്ലു്, തെങ്ങു്, നേന്ത്രവാഴ, മരച്ചീനി, നിലക്കടല, എള്ളു് എന്നീ കൃഷികളിൽ 150 മാതൃകാതോട്ടങ്ങളും ഏർപ്പെടുത്തുകയുണ്ടായി. തെങ്ങുകൃഷി വികസനത്തിനു് 1000 തെങ്ങിൻ തൈകളും വിതരണം ചെയ്യപ്പെട്ടു 30 പമ്പു സെറ്റുകളാണു് വായ്പാ പദ്ധതിയനുസരിച്ചു് വിതരണം ചെയ്തിട്ടുള്ളതു്.

മൃഗസംരക്ഷണ പരിപാടി യനുസരിച്ചു് വെങ്കിണിശ്ശേരിയിൽ ഒരു മൃഗാസ്പത്രി പ്രവത്തനമാരംഭിച്ചു. 370 നല്ലയിനം കോഴികളും 700 മുട്ടകളും വിതരണം ചെയ്യപ്പെടുകയും 10 കോഴികൾ വീതമുള്ള ഒരു യൂണിറാറിനു് 25 രൂപാ എന്ന തോതിൽ 40 കോഴിവളത്തു യൂണിറാറിക്കു് ഗ്രാൻറുകൊടുക്കുകയുണ്ടായി. ആധുനിക സമ്പ്രദായത്തിലുള്ള തൊഴുത്തുകളും കോഴിക്കൂടുകളും നിർമ്മിക്കാനുള്ള സഹായധനവും നൽകപ്പെട്ടു. ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കന്നുകാലി–കോഴി പ്രദർശനത്തിൽ 200 രൂപയുടെ സമ്മാനങ്ങൾ വിതരണം ചെയ്തുകയുണ്ടായി. ലൈബ്രറികളും, സ്കൂളുകളും, മഹിളാസമാജങ്ങളും ബാലവാടികളും, സഹകരണ സംഘങ്ങളും തുടങ്ങിയവക്കു് ബ്ലോക്കിൽനിന്നു് സഹായങ്ങളും നൽകിവരുന്നു. ഇപ്പോൾ നടത്തപ്പെട്ട കുടുംബാസൂത്രണപരിശീലനകുമ്പിനോടനുബന്ധിച്ചു് പുരുഷന്മാർക്കു് വന്ധീകരണ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

—

പാലക്കാടു് മുനിസിപ്പാലിറ്റി ബഡ്ജറ്റു് അവതരിപ്പിച്ചു

(സ്വ. ലേ.) പാലക്കാടു്, ഏ. 5

1964–65 പുതുക്കിയ ബഡ്ജറും 1965–66 ലേക്കുള്ള ബഡ്ജറും എസ്റ്റിമേറും സ്റ്റാണ്ടിങ്ങു് കമ്മറി തയ്യാറാക്കിയതു് ചെയർമൻ ശ്രീ. എൻ. എൻ. അനന്തനാരായണയ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ മുനിസിപ്പൽ കൗൺസിൽ പാസ്സാക്കിയിരിക്കുന്നു. ഇതനുസരിച്ചു് 1965–66 ലേക്കു് മുനിസിപ്പാലിറ്റിക്കു് 1,33,636 ക. യുടെ ഒരു മിച്ചബഡ്ജറാണുള്ളതു്. പുതിയ കണക്കപ്പകാരം കയ്യിരുപ്പു സംഖ്യ അടക്കം കട്ടാകെ വരവു് 11,50.094 ക. യും ചിലവു് 10,06.460 ക. യുമാണു്. കമ്മീഷണർ സമർപ്പിച്ച കണക്കുകളിൽ സ്റ്റാണ്ടിങ്ങു് കമ്മറി ചില ഭേദഗതികളം വരുത്തിയിരുന്നു. സ്റ്റാണ്ടിങ്ങു് കമ്മറി നിർദ്ദേശിച്ചിരുന്ന രൂപത്തിലാണു് ബഡ്ജറും പാസ്സാക്കിയതു്. കമ്മീഷണറുടെ കണക്കിൽ 65–66ലെ ബഡ്ജറിൽ നികുതികളം മറു വരുമാനങ്ങളുമടക്കം പൊതു കണക്കിൽ 7,73,380 ക. യാണു് വരവു് കാണിച്ചിരുന്നതു്. സ്റ്റാണ്ടിങ്ങു് കമ്മറി ഇതിൽ 73 000 ക. വർദ്ധിപ്പിച്ചു. (വിനോദനികുതി വരുമാനം35000 ക. യും ജലനികുതിയിൽ 35000 ക. യും കൂടിവക നികുതിയിൽ 3000 ക. യും വർദ്ധിപ്പിച്ചു) മുനി: സ്വത്തുകളിലുള്ള വരവിൽ 9,600 ക. യാണു് കമ്മീഷണർ വരവായി എടുത്തിരുന്നതു്. ഈ ഇനത്തിൽ 93,000 ക. കോൺസിൽ വർദ്ധിപ്പിച്ചു. പുതിയ കെട്ടിടങ്ങളുടേയും ബങ്കുകളുടേയും വാടകയിൽ വരവു് പ്രതീക്ഷിച്ചു് ഈ വർദ്ധനവു് അങ്ങിനെ പൊതു കണക്കിൽ 10,10.380 ക. വരവിനത്തിൽ പകരം 10,92.950 ക. വരവ് കണക്കാക്കി. മൂലധനക്കണക്കിൽ 65–66ൽ കമ്മീഷണർ 26.640 ക. യാണു് വരവു് കണ്ടിട്ടുള്ളതു്. എന്നാൽ ചെലകിട വരുമാനക്കാഴ്ച വീടു് കെട്ടുവാൻ സ്ഥലമെടുത്ത വകയിൽ മുനിസിപ്പാലിറ്റിക്കു് ഇറക്കിയ 77,903 ക. ഗവർമ്മേണ്ടു് തിരിച്ചു നൽകുന്നതുകൊണ്ടു് ഈ സംഖ്യകൂടി വരവായി കണക്കാക്കി ഇനത്തിൽ വരവു് 104,570 ക. യായി വർദ്ധിച്ചു. പൊതുക്കണക്കിൽ കമ്മീഷണർ തെയ്യാറാക്കിയ കണക്കനുസരിച്ചു് കട്ടാകെ ചിലവു് 9,05,68 ക. യാണു്. സ്റ്റാണ്ടിങ്ങു് കമ്മിറി ഇതിൽ 1110,780 ക. വർദ്ധിപ്പിച്ചു് 10,16.460 ക. യാക്കി. ഈ വർദ്ധനവു് ശ്രദ്ധേയമായി തരണം–അഴുക്കുചാൽ പദ്ധതിക്കള്ള എഞ്ചി: വകയിലാണു് 15,000 ക. യും ഇതേ ഇനത്തിൽ പലവക ചിലവുകൾക്കായി 20,000 ക. യും മുനിസിപ്പാൽ ജീവനക്കാർക്കുള്ള ഇടക്കാലാശ്വാസം വകയിൽ 43,200 ക. യും പുതിയ കെട്ടിടങ്ങളിലേക്കു് നിശ്ചയിക്കുന്ന വാച്ചു് മെൻറ് ശമ്പള വകയിൽ 1080 ക. യും 26500 ക. സ്റ്റാൻറിങ്ങു് കമ്മിറിയിൽ 1080 ക. യും ചുങ്കം വകയിൽ 26500

അറബിക്കടലിൽ "പൊരിഞ്ഞയുദ്ധം"

ഇന്ത്യൻ നാവികസേനക്കു് നാലു് ദിവസത്തെ യുദ്ധ പരിശീലനം ആരംഭിച്ചു

എറണാകുളം, ഏ. 6

വിമാനവാഹിനി ക്കപ്പലായ ഐ. എൻ. എസ്. വിക്രാന്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ കപ്പൽപ്പടയിലെ ഒമ്പതു കപ്പലുകളും അറബിക്കടലിൽ നാലു ദിവസത്തെ അഭ്യാസപ്രകടനങ്ങൾക്കു് ഇന്നലെ രാവിലെ കൊച്ചിയിൽനിന്നു പുറപ്പെട്ടിരിക്കുന്നു. ബോംബേയ്ക്കുള്ളയാത്രാമദ്ധ്യേ നടക്കുന്ന ഈ പ്രകടനങ്ങൾക്കു് നാവിക സേനാ സ്റ്റാഫ് മേധാവി വൈസ് അഡ്മിറൽ ബി. എസ്. സോമനാണു് നേതൃത്വം നൽകുന്നതു്. കൊച്ചിയിലെ കമ്മഡോർ–ഇൻ ചാർജ്ജ് കമ്മഡോർ ജി. എസ്. കപൂർ കപ്പലുകളെ യാത്രയയച്ചു.

യുദ്ധസന്നദ്ധരായി വിവിധതരം കപ്പലുകളുടെ പ്രവർത്തനവു്. ഉപയോഗങ്ങളും പ്രകടമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ അഭ്യാസ പരമ്പരയിൽ രജപുത്, രജപുത് എന്നി നശീകരണിക്കപ്പലുകളും തൽവാർ, കഠാർ, തീർ എന്നീ മുങ്ങിക്കപ്പൽ നശീകരണ ഫ്രിഗേറ്റുകളും ബ്രഹ്മപുത്ര, ബിയാസു് എന്നീ വിമാനവേധ ഫ്രിഗേറ്റുകളുംശത്രി എന്ന ടാങ്കർ, ഇന്ത്യൻ നാവിക–വ്യോമസേനകളിലെ വിമാനങ്ങളും പങ്കെടുക്കുന്നുണ്ടു്.

പ്രകടനപരമ്പരയിൽ ആദ്യത്തേതു്, വിക്രാന്തിനെയും ശക്തിയെയും 'ശത്രു'വിന്റെ മുങ്ങിക്കപ്പലുകളുടെ ശല്യമുണ്ടാകുന്നു് സങ്കല്പിക്കപ്പെടുകയും കൊച്ചിയുടെ മുഖത്തുനിന്നു പുറത്തേയ്ക്കു് സുരക്ഷിതമായി ആ നായികകയായിരുന്നു. അന്തർവാഹിനി നശീകരണ ഉപകരണങ്ങളും ഘടിപ്പിച്ച കപ്പലുകൾ നേരത്തെ ഇരുമ്പഴിയുടെ പ്രവേശനദ്വാരം പരിശോധിക്കുകയുണ്ടായി. പതാകക്കപ്പലിനും ടാങ്കറിനും ഒരു സംരക്ഷണനിര സൃഷ്ടിച്ചുകൊണ്ടു് നശീകരണികളും ഫ്രിഗേറ്റുകളും ബഹുദൂരം കടലിലോ കടലിനു പുറത്തേയ്ക്കു നിന്നു് ശത്രുവിന്റെ ഏതൊരു നീക്കവും നേരിടാൻ നാവികർ സജ്ജരായി നിന്നിരുന്നു.

ഈമുഖത്തിന്റെ ഇടുങ്ങിയ ചാലുകളിൽനിന്നു് കപ്പലുകളും പുറംകടലിൽ എത്തിയതോടെ നാവികവ്യോമവിഭാഗത്തിലെ വിമാനങ്ങളും ആക്രമണപരവും പ്രതിരോധപരവുമായ പങ്കുകൊണ്ടു് അഭ്യാസങ്ങളിൽ പങ്കെടുത്തു.

ന്യൂഡൽഹിയിലെ നാഷണൽ ഡിഫൻസു് കോളേജിലെ ഡയറക്ടിംഗ് സ്റ്റാഫിന്റെ കമാൻഡന്റ് വൈസ് അഡ്മിറൽ എ. കെ. ചാറ്റർജിയും വിദ്യാർത്ഥികളും കപ്പലുകളിൽനിന്നു് ഈ സമുദ്രയുദ്ധപ്രകടനങ്ങളും വീക്ഷിച്ചു.

ഒരു കപ്പലിൽ ഘടിപ്പിച്ച ലക്ഷ്യത്തിന്റെ നേരെ ഒരുമണിക്കൂർ നീണ്ടുനിന്ന വെടിവെപ്പു് ഇന്നലെ നടന്നു. പ്രകടനങ്ങളുടെ മറ്റൊരു പ്രധാനവശം. 10000 വാരവരെ അകലത്തിനുള്ള ലക്ഷ്യത്തിനുനേരെ വെടിതൊടുക്കാൻ കപ്പലുകൾക്കു കഴിഞ്ഞു.

കലാസംഘടനകൾക്കുള്ള ഗ്രാൻറ് സംഗീതനാടക അക്കാഡമിയുടെ അറിയിപ്പു്

തൃശ്ശൂർ, ഏ. 6

സംഗീതനാടക അക്കാഡമി ഓഫിസിൽനിന്നും അറിയിക്കുന്നതു്:

കേരള സംഗീതനാടക അക്കാഡമിയിൽനിന്നു് 1965–66 സാമ്പത്തികവർഷത്തിൽ ഗ്രാൻറ്‌ലഭിക്കുന്നതിനു് കേരളത്തിലെ കലാസംഘടനകളിൽനിന്നും കലാസ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ അച്ചടിച്ച നിശ്ചിത ഫോറത്തിൽ സംഗീതനാടക അക്കാഡമി ആപ്പീസിൽ കിട്ടിയിരിക്കണം.

അപേക്ഷാഫോറങ്ങൾ ആവശ്യമുള്ളവർ 10 പൈസായുടെ തപാൽസ്റ്റാമ്പു സഹിതം അക്കിടമി ആപ്പീസിലേക്കു് അപേക്ഷിക്കണം. അപേക്ഷാഫോറങ്ങൾ രജിസ്റ്റർചെയ്ത അയക്കണമെങ്കിൽ 63 പൈസയുടെ തപാൽസ്റ്റാമ്പുസഹിതം പ്രത്യേകം ആവശ്യപ്പെടണം.

ഗ്രാൻറിനവേക്ഷിക്കുന്ന കലാസ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടു മൂന്നു് സാമ്പത്തികവർഷം കഴിഞ്ഞിരിക്കേണ്ടതും ആരംഭംമുതൽ ഇന്നുവരെ പ്രവർത്തിക്കുന്നതും ആയിരിക്കണം. മഹിളാസമാജം വായനശാല സ്പോർട്സ്ക്ലബ്ബ് മുതലായവയുടെ അനുബന്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഗ്രാൻറിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അക്കാഡമി ആപ്പീസിൽ കിട്ടിയിരിക്കേണ്ട അവസാനതീയതി 31–5–'65 നു ആണു്.

എന്നു്.

സെക്രട്ടറി

കുട്ടികളുടെ യാചകവൃത്തി നിർത്താൻ പരിപാടി

(പി ടി ഐ) ന്യൂഡൽഹി, ഏ. 6

കുട്ടികളെ ഭിക്ഷയാചിക്കുന്ന ഏർപ്പാടു് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഗവണ്മെണ്ടിന്റെ പരിഗണനയിലുണ്ടെന്നു് നിയമ–സാമൂഹ്യ സുരക്ഷിതത്വമന്ത്രി ഏ. കെ. സെൻ ഇന്നു ലോകസഭയിൽ പ്രസ്താവിച്ചു.

ഒരു ലക്ഷവും അതിൽ കൂടുതലും ജനസംഖ്യയുള്ള പട്ടണങ്ങളിലും നഗരങ്ങളിലും മുഴുവൻ സമയവും യാചകവൃത്തി നടത്തുന്ന കുട്ടികൾക്കായി മന്ദിരങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു് ഡെപ്യൂട്ടിമന്ത്രി ജഗന്നാഥറാവു പറഞ്ഞു.

....

നവജീവനിലെ കത്തിയിരിപ്പു് അവസാനിച്ചു

(സ.പ്ര) തൃശ്ശൂർ, ഏ 6

നീർത്തലാക്കപ്പെട്ട 'നവജീവൻ' തൃശ്ശൂർ ഓഫീസിന്റെ മുമ്പിൽ ഏതാനും തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നടത്തിയിരുന്ന സത്യാഗ്രഹസമരം ഇന്നു് ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർന്നിരിക്കുന്നു.

ഈ ഒത്തുതീർപ്പനുസരിച്ചു് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ഏപ്രിൽ 15നു് നൽകുന്നതായിരിക്കും.

—

കയറുമതി വികസനപദ്ധതികൾ തുടർന്നുപോകും

നാലാം പദ്ധതികാലത്തു് 50 സ്പിന്നിങ്ങ്മില്ലുകൾ സ്ഥാപിക്കുമെന്നു് മന്ത്രിയായിഷാ

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 6

കയറുമതി വികസന പരിപാടികൾ ഗവണ്മെണ്ടു് തുടർന്നു പോകുമെന്നു് കേന്ദ്ര വാണിജ്യമന്ത്രി മുഹമ്മദായിഷാ ഷാ കയറുൽപന്നങ്ങളുടെ കയറ്റുമതിക്കാർക്കു് ഉറപ്പു് നല്കിയിരിക്കുന്നു.

തന്റെ വകുപ്പിനുള്ള ധനാഭ്യർത്ഥനകളിന്മേൽ നടന്ന ചർച്ചയെ ഉപസംഹരിച്ചുകൊണ്ടു് മന്ത്രി ലോകസഭയിൽ പ്രസംഗിക്കുകയായിരുന്നു.

ഈ വികസനപരിപാടികളിൽ ചെറിയ മാറ്റങ്ങൾ ആവശ്യമാണെന്നു് വന്നാൽ ഗവണ്മെണ്ടു് ബന്ധപ്പെട്ടവരുമായി മുൻകൂട്ടി ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

നാലാം പദ്ധതിയിൽ വിദേശനാണ്യം ചെലവിടുള്ള കയറുൽപന്നങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേരണമെങ്കിൽ കയറുമതി വികസനപരിപാടികൾ കൂടാതെ സാദ്ധ്യമല്ല. ത്വരിതഗതിയിൽ സാമ്പത്തിക പുരോഗതി രാജ്യത്തിനു് കൈവരുന്നതിനും അതു് സുപ്രധാനമാണു്.

നാലും, അഞ്ചും പദ്ധതികളുടെ ഘട്ടത്തിൽ പൊതു–സഹകരണ മേഖലകളിൽ 50 സ്പിന്നിങ്ങ് മില്ലുകൾ സ്ഥാപിക്കുന്നതിനു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. അവയിൽ ഭൂരിപക്ഷവും നാലാം പദ്ധതിയിൽതന്നെ സ്ഥാപിക്കപ്പെടും. ഈ മില്ലുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ മുൻഗണന നൽകുക അവികസിത മേഖലകൾക്കായിരിക്കും. വ്യവസായീകരണത്തിന്റെ അഭാവംമൂലം ഈ വിഭാഗങ്ങളിലെ ജനങ്ങൾ കഷ്ടപ്പെടുവാൻ ഇടയാകരുതു്.

For Favours Received



P. P. Thomas
Vazhani.

Phone: 1129

വിശ്വ പ്രമാണിച്ചു്

പടക്കം–മത്താപ്പു്–കമ്പിത്തിരി മുതലായവ ഇവിടെ കിട്ടുന്നതാണു്.

കോരപ്പത്തു് ഗംഗാധരമേനോൻ

കച്ചവടം (മണികണ്ഠനാലിനു സമീപം) തൃശ്ശൂർ.

മാർക്കറ്റ്

ഏപ്രിൽ 6 ചൊവ്വ

	തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
വെളിച്ചെണ്ണ (കപ്പാസിറ്റിനു്)	342_00	335_00	337_00
,, ഒന്നാംഅവുധി ,,	.....	314_25	313_75
,, രണ്ടാംഅവുധി ,,	.....	326_50	325_00
കൊപ്ര പുകയാതെ ,,	230_00	230_00	228_00
,, പുകച്ചതു് ,,	.....	235_00	208_00
പിണ്ണാക്കു് ,,	51_00	54_50	60_00
ഉരുളൻതേങ്ങ ,,	.....	.....	315_00
തേങ്ങാ (മടൽപ്പുറം) ,,	.....	396_00	345_50
കരുമുളകു് ,,	370_00	392_00	361_00
,, വരവു് മേനി ,,	.....	416_00	290_00
,, തെക്കൻ ,,	.....	317_00	110_00
കാപ്പിവണ്ടി ,,	85_00	.....	110_00
ചുക്കു് ,,	350_00	438_00	560_00
മഞ്ഞൾ ,,	125_00	340_00	340_00
അടയ്ക്കാ ,,	.....	150_00	310_00
വെള്ളായി പൂവു് (20 കിലോ)	115_40	300_00	.....
കിളിച്ചുണ്ടൻ ,,	140_50	120_00	.....
അയലോൺ തെ. (50കിലോ)	380_50	.....	.....
,, ഏരാൽ ,,	400_25	.....	.....
പുൽതൈലം ,,	110_00	.....	600_00
പച്ചരി ,,	.....	.....	.....
പുഴുക്കലരി ,,	.....	.....	.....
,, (സി. കെ.) ,,	.....	.....	.....
നാടക്കരി ,,	.....	.....	.....
കയറ് അണ്ടുതൈര് (കപ്പാസിറ്റി)	.....	.....	.....
,, ആലങ്ങാടൻ ,,	.....	115_00	.....
,, ആറാട്ടുപുഴ ,,	.....	110_00	.....
അണ്ടി കപ്പാസിറ്റിൽ	87_50	.....	.....

കരുണാനിധിയുടെ പേരിൽ കഴകവും കോൺഗ്രസും തമ്മിൽ പുകയുന്നു

കരുണാനിധിയെ മോചിപ്പിക്കണമെന്നുംവേണ്ടെന്നും

മദ്രാസ്, ഏപ്രിൽ, 5

നഗരത്തിലെ വിടിനു രാഷ്ട്രീയകക്ഷികൾ തമ്മിൽ, വോൾപോസ്റ്റർകൊണ്ടുള്ള വിചിത്രതരമായ ഒരു മത്സരം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ദ്രാവിഡമുന്നേറ്റ കഴകവും കോൺഗ്രസ് സംഘടനയുടെ ഒരു ഘടകമായ യുത്തു കോൺഗ്രസ്സും തമ്മിലാണു് ഈ മത്സരം ആരംഭിച്ചിരിക്കുന്നതു്.

ഡി. എം. കെ. യുടെ അസംബ്ലിപാർട്ടി ലെഡ്യൂട്ടി ലീഡർ കരുണാനിധിയെ കരുതൽ തടങ്കലിൽ വച്ചിരിക്കുന്നതിനെതിരായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡി. എം. കെ. യുടെ വകയായി പോസ്റ്ററുകൾ ഒട്ടിക്കുകയുണ്ടായി. അദ്ദേഹത്തെ ഉടൻ തന്നെ മോചിപ്പിക്കണമെന്നാവശ്യപ്പെടുന്നവയാണു് പോസ്റ്ററുകളിലും. തന്നെ. അധികാരമേറ്റ വേണ്ടിവന്നില്ല, ''കരുണാനിധിയെ മോചിപ്പിക്കരുതു്'' എന്നെഴുതിയ യുത്തു കോൺഗ്രസ്സുകാരുടെ പോസ്റ്ററുകളും പെട്ടെന്നുതന്നെ പ്രത്യക്ഷപ്പെടാൻ. ''കൊലയും, കൊള്ളിവെയ്പും കവർച്ചയും രാഷ്ട്രീയമല്ല; ക്രിമിനൽ പള്ളികളെ വിട്ടയക്കരുതു്'' എന്നിങ്ങനെ പോകുന്നു യുത്തു കോൺഗ്രസ്സിന്റെ മുദ്രയെഴുത്തുകൾ.

മദ്രാസ് നഗരത്തിലെ ഈ പുതുപുത്തൻ മത്സരം സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുവെന്നാണു് രണ്ടു കേന്ദ്രങ്ങളും വെളിപ്പെടുത്തിയതു്.

ഇതിനിടെ ഡി. എം. കെ. നേതാവു് അണ്ണാദുരൈ, പാർട്ടിയിലെ ഉന്നത ശീർഷരായ ഇതരനേതാക്കളുമായി കരുണാനിധിയുടെ വിമോചനത്തിനാവശ്യമായ നടപടികളെക്കുറിച്ചാലോചിക്കുന്നതാണു്.

അസംബ്ളിയിലേക്കു് ധർമ്മപുരി നിയോജകമണ്ഡലത്തിൽനിന്നുള്ള ഉപതിരഞ്ഞെടുപ്പു് ഏപ്രിൽ 10–നു തീയതി ആണു് നടക്കുന്നതെന്നുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണു്.

[യു. പി. എസ്.]

—o—

തൃശ്ശൂർ വാർത്തകൾ

സ.പ. ലേ തൃശ്ശൂർ ഏ. 6

കേരളാ കോൺഗ്രസ്സ്

കേരളാ കോൺഗ്രസ്സിന്റെ തൃശ്ശൂർ ജില്ലാ കമ്മറാറിയുടെ ഒരു പ്രത്യേകയോഗം ജില്ലാ കമ്മറാറി മെമ്പർ ശ്രീമതി ടി. ജെ. മേരിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും സംസ്ഥാനസമ്മേളനം തൃശ്ശൂർവെച്ചു് നടത്തുന്നതിനും അതുസംബന്ധിച്ചു് പരിപാടികൾ അംഗീകരിക്കാൻ ജില്ലയിലെ അനുഭാവികളുടെ ഒരു യോഗം വിപുലമായ തോതിൽ വിളിച്ചു കൂട്ടുന്നതിനും സ്വാഗതസംഘം രൂപീകരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

....

രാമവർമ്മപുരം എൻ. സി. സി. ഗ്രൂപ്പ് ക്യാമ്പു്

(സ.പ്ര) തൃശ്ശൂർ ഏ. 6

ഏപ്രിൽ 3–ാം തീയതി രാമവർമ്മപുരത്തു ആരംഭിച്ച ജൂനിയർ ഗ്രൂപ്പ് എൻ. സി. സി. ടെന്നിങ്ങ് ക്യാമ്പു് ഏപ്രിൽ 12–ാം തീയതി വരെ നിന്നു നിൽക്കുന്നതാണു്. പാലക്കാടു് ജില്ലയിൽനിന്നു് ഒരു ഗ്രൂപ്പും, തൃശ്ശൂർ ജില്ലയിൽനിന്നു് 4 ഗ്രൂപ്പുകളും പങ്കുകൊള്ളുന്ന ഈക്യാമ്പിൽ 202 ക്യാഡറ്റുകളും 4 ആഫീസർമാരുമാണുള്ളതു്. കായികപരിശീലനം, ഡ്രിൽ, ആരോഗ്യശുചീകരണം, മേപ്പ് റീഡിങ്ങ്, ആയുധപരിശീലനം, പൊതുതാപരിശീലനം തുടങ്ങിയ വിഷയങ്ങളിൽ ഈ ഗ്രൂപ്പ്കേഡറാകും ഇവിടെ പരിശീലനം നേടിവരുന്നു. ഗൗരവപൂർവ്വകമായ ഈ പഠനപരിശീലനങ്ങൾ കൂടാതെ എല്ലാദിവസവും ക്യാമ്പിൽ കലാപരിപാടികളും ഉണ്ടായിരിക്കും. എൻ. സി. സി. ഡയറക്ടർ ക്യാപ്റ്റൻ വി. എൻ. സോണ്ധർ ക്യാമ്പു് സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

....

ഫാൻസി ഫൈൻ ആർട്ട്സിന്റെ ഏകാങ്കനാടകമത്സരം

കടപ്പുഴ്ശ്ശേരി, ഏ 6

ഫാൻസി ഫൈൻ ആർട്ട്സ് ജനറൽബോഡി അംഗങ്ങളുടെ ഒരു യോഗം പ്രസിഡണ്ടു് കെ. എം റപ്പായിയുടെ അദ്ധ്യക്ഷതയിൽ കൂടി, സംഘടനയുടെ ഔപചാരിക ഉൽഘാടനം അടുത്ത ആഗസ്റ്റ്മാസത്തിൽ നടത്തുന്നതിനു് തീരുമാനിച്ചു. പ്രസ്തുത സമ്മേളനത്തോടനുബന്ധിച്ചു് ഹിന്ദുസ്ഥാൻ റേഡിയോ കമ്പനി [എറണാകുളം] സംഭാവന ചെയ്യുന്ന എച്ചു്. ആർ, സി. റോളിങ്ങ് കപ്പിനുവേണ്ടിയുള്ള അഖില കേരള ഏകാങ്കനാടകമത്സരം ഏറെറടുത്തു് നടത്തുന്നതിനു സി. എ. തോമസ്സു് ബി. എസ്സ് സി. കൺവീനറായി ഏഴു് അംഗങ്ങടങ്ങിയ ഒരു കമ്മറാറിയെ തിരഞ്ഞെടുത്തു. വേളൂക്കര പഞ്ചായത്തിൽനിന്നു കടപ്പുഴ്ശ്ശേരിയിലേക്കു അനുവദിച്ചിരിക്കുന്ന റേഡിയോ, ഫാൻസി ഫൈൻ ആർട്ട്സ് ഏറെറടുത്തു് നടത്തുവാൻ തയ്യാറാണെന്നു് യോഗം അധികൃതരെ അറിയിച്ചു.

—

'അന്താരാഷ്ട്രീയ സഹകരണവർഷം' പ്രമാണിച്ചു് പ്രസംഗപരമ്പര

ന്യൂഡൽഹി, ഏപ്രിൽ, 5

ഇന്ത്യൻ അന്താരാഷ്ട്രീയ പഠനവിദ്യാലയം, അന്താരാഷ്ട്രീയ സഹകരണവർഷം ആഘോഷിക്കുന്നതു് സംബന്ധിച്ചു് ഒരു പ്രസംഗപരമ്പര സംഘടിപ്പിച്ചിട്ടുണ്ടു്. ന്യൂഡൽഹിയിൽ സപ്രൂ ഹൗസിൽവെച്ചാണു് പ്രസംഗങ്ങൾനടത്തുക. ഏപ്രിൽ 8–ാംനു ''ഇന്ത്യൻ രാഷ്ട്രീയ സമ്പ്രദായവും അന്താരാഷ്ട്രീയ സഹകരണവും' എന്ന വിഷയത്തെക്കുറിച്ചു് ശ്രീ. മൊറാർജി ദേശായി പ്രസംഗിക്കും. ഏപ്രിൽ 14–ാം തീയതി ''യുദ്ധം അനിവാര്യമാണോ?'' എന്ന വിഷയത്തെക്കുറിച്ചു് ശ്രീ. കെ. പി. എസ്. മേനോനും, ഏപ്രിൽ 19–ാം തീയതി 'അന്താരാഷ്ട്രീയ സഹകരണത്തിന്റെ സാമ്പത്തിക വശത്തെക്കുറിച്ചു് ഡോ: ബി. എൻ. ഗാംഗുലിയും പ്രസംഗിക്കും.

—

മമ്മിയൂരിൽ ചിൽഡ്രൻസ് ക്ലബ്ബു്

[പ്ര. ലേ.) ചാവക്കാടു് ഏ. 6

മമ്മിയൂരിൽ പുതുതായി ആരംഭിച്ചിട്ടുള്ള ചിൽഡ്രൻസ് ക്ലബ്ബിന്റെ പ്രസിഡണ്ടായി കുവീട്ടിൽ കുട്ടികൃഷ്ണനും വൈസ്പ്രസിഡണ്ടുമാരായി വി. രാധാകൃഷ്ണനും, കാര്യദർശിയായി വി. മുരളീധരനും, സഹകാര്യദർശിയായി വി. ഉണ്ണികൃഷ്ണൻ, കുമാരി കെ. രാധാദേവി എന്നിവരും ഖജാൻജിയായി വടേക്കര ഉണ്ണികൃഷ്ണനും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഉൽഘാടനം വടേക്കേക്കര മാധവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽചേർന്ന യോഗത്തിൽവെച്ചു് ടി. കെ. അബ്ദുൽമജീദ് നിർവ്വഹിച്ചു.

—

ബെർലിനിൽവീണ്ടും ഉപരോധം

കമ്മ്യൂണിസ്റ്റുകാർ ഗതാഗതം തടയുന്നു

പശ്ചിമജർമ്മൻ പാർല്ലിമെണ്ടു് സമ്മേളനത്തിനു് എതിരായ നീക്കം

(റോയിട്ടർ) പശ്ചിമബർലിൻ, ഏ 6

പടിഞ്ഞാറൻ ജർമ്മനിയുമായി പടിഞ്ഞാറൻ ബർലിനെ ബന്ധിക്കുന്ന ആട്ടോബാൻ ഇന്നലെ കമ്മ്യൂണിസ്റ്റുകാർ അടച്ചു.

കനാലിൽ കൂടിയുള്ള ഗതാഗതവും തടഞ്ഞിട്ടുണ്ടു്. കൂടാതെ റെയ്മമേഖലകളിലുംതടസ്ഥം സൃഷ്ടിച്ചിട്ടുണ്ടു്.പടിഞ്ഞാറൻ ജർമനിയിലേക്കു് കടക്കുന്നതിനു് രണ്ടു് ബ്രിട്ടീഷ് സൈനിക വാഹനങ്ങളേയും, ഒരു അമേരിക്കൻ സൈനികവാഹനത്തേയും അനുവദിച്ചില്ല. പടിഞ്ഞാറൻ ജർമനിയുടെ അറാത്തു് ബ്രിട്ടീഷ് ഫാർബഡ് കാറുകളും നാലു് മണിക്കൂറുകളോളം തടയപ്പെട്ടു.

1948–49 ലെ ബെർലിൻ ഉപരോധത്തിനു് ശേഷം നഗരത്തിലേക്കുള്ള പ്രവേശനത്തെ ഇത്തരമായി തടസ്ഥപ്പെടുത്തിയിട്ടുള്ളതു സംഭവവികാസമാണിതെന്നു് കരുതപ്പെടുന്നു. പശ്ചിമബർലിനിറെ അറാത്തു് തടയപ്പെട്ട അമേരിക്കൻ വാഹനം തിരിച്ചുപോയി. പക്ഷെ ഏഴു് മണിക്കൂറിനു് ശേഷം ബ്രിട്ടീഷ് വാഹനങ്ങളെ പടിഞ്ഞാറൻ ജർമനിയിലേക്കു് യാത്ര തുടരാൻ അനുവദിച്ചു.

പരിവാസരിച്ചു് ഒരമേരിക്കൻ സൈനികവിമാനത്തിൽ ചാൻസലർ എർനാർഡ് ബുധനാഴ്ച ഇവിടെ പറന്നെത്തുമെന്നു് ബോൺ ഗവണ്മെണ്ടിന്റെ ഒരു വക്താവു് പറഞ്ഞു.

പാർല്ലി. സമ്മേളനം തടയാൻ

പശ്ചിമ ജർമൻ പാർല്ലിയമെണ്ടു് പടിഞ്ഞാറൻ ബെർലിനിൽവെച്ചു് ബുധനാഴ്ച കൂടുന്നതിനാണു് തീരുമാനിച്ചിട്ടുള്ളതു്. അതിനെതിരായി ഒരു നീക്കമാണു് ഗതാഗത തടസ്ഥങ്ങൾ സൃഷ്ടിച്ചിട്ടുള്ളതിൽ നിഴലിച്ചിട്ടുള്ളതു്.

ബോൺ ഗവണ്മെണ്ടിന്റെ പ്രതികരണത്തിൽ നിന്നും, അണു ആയുധികരണം ഉടലെടുത്തിട്ടുള്ള അതിൻറെ മാരകയുദ്ധവിമാനങ്ങൾ തങ്ങൾ നിങ്ങിനില്ലുമെന്നുള്ള ഒരു പ്രസ്താവനയിൽ ഒപ്പിട്ടാലല്ലാതെ പാർലിമെണ്ടു് അംഗങ്ങളെ അതിൽ കടത്തി വിടുകയില്ലെന്നു് കിഴക്കൻ ജർമനിയുടെ വാർത്താ ഏജൻസി എ. ഡി. എൻ. പ്രസ്താവിച്ചിട്ടുണ്ടു്. വ്യോമ ഇടനാഴികളിൽ കമ്മ്യൂണിസ്റ്റ് വിമാനങ്ങൾ കാണുകയുണ്ടായില്ല. പടിഞ്ഞാറൻ പാർക്കലുകാരും തുടർന്നുകൊണ്ടിരിക്കുന്നു.

വെള്ളക്കാട്ടുളത്തം വീണ്ടും പത്തിയുയർത്തുന്നു

കാംബ്രൻ (അലബാമ) ഏപ്രിൽ 6

അപ്രാപ്യനായ ശാസ്ത്രി

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 6

പ്രധാനമന്ത്രിയെ കാണുകയെന്നതിനേക്കാൾ എളുപ്പം നടക്കുന്ന പണി എവറസ്റ്റ് കൊടുമുടി കയറലാണെന്നു് ബിക്കാനീർ മഹാരാജാ കർണ്ണിസിങ്ങ് ഇന്നു ലോകസഭയിൽ പ്രസ്താവിച്ചു.

കഴിഞ്ഞ നവംബറിൽ ശാസ്ത്രിയെ ഒന്നു് കാണണമെന്നു് താൻ ആവശ്യപ്പെടുകയുണ്ടായി. അതിനു് തനിക്കു കിട്ടിയ മുപടി ആഗസ്റ്റ് മുതലേ ഈ ആവശ്യത്തിനു് ആളുകൾ കെട്ടികാത്തു കിടക്കുന്നുണ്ടെന്നാണു്.

നൈറ്റ്വിഷൻ കാലത്തു് ഇങ്ങിനെ ഒരു സംഭവുണ്ടായിട്ടില്ല. നൈറ്റ്വിഷൻ കാണുന്നതിനുള്ള ടിയാൽ മൂന്നു ദിവസമേ വേണ്ടിവന്നിരുന്നുള്ള. ശാസ്ത്രിയുടെ ശ്രദ്ധയിൽ പ്രശ്നങ്ങൾ കൊണ്ടുവരുന്നതിനു ഈ നിലക്കു് എങ്ങിനെ സാധിക്കുമെന്നു് സിങ്ങ് പോടിപ്പു.

132 ഉദ്യോഗസ്ഥന്മാർക്കെതിരെ അന്വേഷണം

കേന്ദ്രഅന്വേഷണ ബ്യൂറോ വെട്ടിപ്പു് വീരന്മാരെ വേട്ടയാടുന്നു

ന്യൂഡൽഹി, ഏപ്രിൽ 5

ആഭ്യന്തരവകുപ്പിലെ കേന്ദ്രഅന്വേഷണബ്യൂറോ 1965 ഫെബ്രുവരിയിൽ പതിനാലു് ഗസറഡ് ഉദ്യോഗസ്ഥന്മാരും വേറെ 120 ഗവർമെണ്ടുജീവനക്കാരും ഉൾപ്പെടുന്ന 132 കേസുകൾ സംബന്ധിച്ച പരസ്യാന്വേഷണങ്ങൾ ആരംഭിച്ചു. ഇതിൽകൈക്കൂലി വാങ്ങുന്ന അവസരത്തിൽ പിടിക്കൂടിയ മൂന്നു കേസുകളുമുണ്ടു്.

ഗസാറഡ് ഉദ്യോഗസ്ഥന്മാരിൽ രാജ്യരക്ഷ, ഗതാഗതം എന്നീ വകുപ്പുകളിലെ മൂന്നു് ഉദ്യോഗസ്ഥന്മാർ വീതവും, റെയിൽവേ, ഉത്പാദനം വകുപ്പുകളിൽനിന്നു് ഈരണ്ടു് ഉദ്യോഗസ്ഥന്മാർ വീതവും, വ്യവസായം–സപ്ലൈ, ധനകാര്യം, തൊഴിൽകാര്യം എന്നീ വകുപ്പുകളിലെ ഓരോ ഉദ്യോഗസ്ഥനും ഉൾപ്പെട്ടിരുന്നു.

ഈ കേസുകളിൽ 12 കേസുകൾ സംബന്ധിച്ച അന്വേഷണങ്ങൾ പൂർത്തിയാക്കുകയും പ്രോസിക്യൂഷൻ ആരംഭിക്കുകയും ചെയ്തു. കഠാരകരമായ സ്വഭാവദൂഷ്യം, ക്രൂഡാലോചന, ചതി, വിശ്വാസവഞ്ചന എന്നീ കുറ്റങ്ങൾക്കു് ഒരു ഗസറഡ് ഉദ്യോഗസ്ഥനെയും, മറ്റു് പത്തു് ഗവർമെണ്ടു് ജീവനക്കാരെയും പ്രോസിക്യൂട്ട് ചെയ്തുകഴുമുണ്ടായി.

റെയിൽവേ മന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു സ്റ്റോർ കോൺട്രാക്ടറിൽനിന്നും കൈക്കൂലി വാങ്ങുന്നതായ അവസരത്തിൽ ഉത്തര റെയിൽവേയിലെ ഒരു അസിസ്റ്റൻറ് സ്റ്റേഷൻ മാസ്റ്ററെ പിടികൂടുകയും പ്രോസിക്യൂട്ട് ചെയ്തുകയുമുണ്ടായി.

ഇൻഷുറൻസു് പ്രീമിയം അടയ്ക്കുന്നതിനു് ഏല്പിച്ചിരുന്ന പണം ദുരുപയോഗപ്പെടുത്തിയതിനു് ലൈഫ് ഇൻഷുറൻസു് കോർപ്പറേഷനിലെ മുമ്പത്തെ ഒരു ഡവലപ്പ്മെൻറ് ആപ്പീസറെ പ്രോസിക്യൂട്ട്ചെയ്തു. കണക്കുകളിൽ കൃത്രിമം കാണിച്ചു് 3500 രൂ. തട്ടിയെടുത്ത മുമ്പത്തെ ഒരു സബ്ബ് പോസ്റ്റ് മാസ്റ്ററെയും പ്രോസിക്യൂട്ട്ചെയ്തു.

1965 ഫെബ്രുവരിയിൽ 25 കേസുകളിൽ കുറ്റക്കാർക്കു് ശിക്ഷനൽകപ്പെട്ടു. ഈ കാലത്തു് 19 ഗവർമെണ്ടു് ജീവനക്കാരെയും 31 വ്യക്തികളെയും ശിക്ഷിക്കുകയുണ്ടായി. ഇവക്കു് ദീർഘകാലതടവുശിക്ഷ നൽകിയതിനുപുറമേ മൊത്തം 104974 രൂ